'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി വിജയനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.193/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/01/2020**

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 15.10.2014-ലെ സി.ടി.പി. (വിജി.)881/2014 നമ്പർ റിപ്പോർട്ട്

2 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 10.11.2014-ലെ സി.ടി.പി. (വിജി.)936/2014 നമ്പർ റിപ്പോർട്ട്

3 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 23.02.2015-ലെ സി.ടി.പി. (വിജി.)132/2015 നമ്പർ റിപ്പോർട്ട്

4 സർക്കാരിന്റെ 20.09.2016-ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. വി. വിജയൻ സമർപ്പിച്ച 11.11.2016-ലെ പ്രതിവാദ പത്രിക

6 സ.ഉ.(സാധാ) നം.2452/2017/തസ്വഭവ തീയതി 18.07.2016

7 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.10.2017-ലെ ഡി4-15635/2016 നമ്പർ റിപ്പോർട്ട്

8 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 04.08.2018-ലെ സി.ടി.പി. (വിജി.)332/2018 നമ്പർ റിപ്പോർട്ട്

9 സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 20.09.2019-ലെ എ1-2/20/2019/കെ.പി.എസ്.സി. നമ്പർ കത്ത്

### ഉത്തരവ്

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. വിജയൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം (1), (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെക്കുറിച്ചോ കെട്ടിടത്തെക്കുറിച്ചോ വ്യക്തമായ വിവരങ്ങൾ നൽകിയിരുന്നില്ല.

2. കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ 2011 അനുസരിച്ച് നഗരാസൂത്രണ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ല.

3. കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ 2011 ചട്ടം 57(2) പ്രകാരമുള്ള വിവരങ്ങൾ ഉണ്ടായിരുന്നില്ല.

4. കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ 2011 ചട്ടം 35(2) പ്രകാരമുള്ള പരിധി ലംഘിച്ചിരുന്നു.

5. കൊമേഴ്സ്യൽ ബിൽഡിങിന് അധികാരികളുടെ അനുമതി കൂടാതെ സ്വന്തം അധികാരം ഉപയോഗിച്ച് അനുമതി നൽകി.

6. അധികാര ദുർവിനിയോഗത്തിലൂടെ അനധികൃത നിർമ്മാണത്തിന് അനുമതി നൽകി.

7. കെട്ടിട നിർമ്മാണങ്ങളിൽ ചട്ടലംഘനം നടത്തി.

മേൽ ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വി. വിജയൻ 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. വിജയനെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വി. വിജയൻ പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീ. വിജയന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യാൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. വിജയനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (6) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. വി. വിജയൻ, കുറ്റിപ്പുറം, അങ്ങാടിപ്പുറം എന്നീ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 2011 ലെ കെ.പി.ബി.ആർ.ലെ നിയമങ്ങളും ചട്ടങ്ങളും, 2008 ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളും ലംഘിച്ചു കൊണ്ട് (1) ശ്രീ.അബു,ശ്രീ.മൊയ്തീൻ കുട്ടി, ശ്രീ.മുസ്തഫ, ശ്രീ.മുഹമ്മദ് ചേലേപ്പറമ്പിൽ.പി.ഒ കാലടി എന്നിവരുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 120/1എയിൽ പെട്ട 22.72 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന നഞ്ച തരമായ ഭൂമിയിലുള്ള 1598.22 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തോട് കൂടിയ കെട്ടിടത്തിന് 13/09/11 ന് എ5-10975/2011(1415) നമ്പരായും 2) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ശ്രീമതി. കെ.പി.സുമന, S/o ബാലകൃഷ്ണൻ (ലേറ്റ്), പ്രശാന്തി, കുറ്റിപ്പുറം പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള 289.38 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തോട് കൂടിയ കെട്ടിടത്തിന് 09/03/12 ന് എ5-495/1417/2012 നമ്പരായും, (3) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ശ്രീ. ടി. വിജയൻ, അങ്ങാടിപ്പുറം എന്നവരുടെ ഉടമസ്ഥതയിലുള്ളതും സർവ്വെ നമ്പർ 40/13 എയിൽ പെട്ടതുമായ 55.46 സെന്റ് സ്ഥലത്തുള്ള ഒട്ടാകെ 1553 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തോട് കൂടിയ കെട്ടിടത്തിന് 17/04/13 ന്

02/13(3454/13) നമ്പരായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലും 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളും, 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളും ലംഘിക്കപ്പെട്ടതായി പരിശോധനയിലും, നേർ വിചാരണയിലെ മറുപടി ക്രോഡീകരിച്ചതിലും ബോധ്യപ്പെടുകയുണ്ടായി. എന്നിരുന്നാലും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും 13/09/2011 ന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പ്രകാരം നിലവിലും കെട്ടിട നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കപ്പെട്ടിട്ടില്ലെന്നും, ബിൽഡിംഗ് പെർമിറ്റ് വീണ്ടും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും പുതുക്കി നല്കിയിട്ടില്ലെന്നതും ഇതു പോലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും 17/04/13 ന് അനുവദിച്ച് നല്കിയ ബിൽഡിംഗ് പെർമിറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുതയും നിലനില്ക്കുന്ന കാര്യവും കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ റീ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുറ്റിപ്പുറം ടൗണിലുള്ള ഭൂരിഭാഗം പ്രദേശങ്ങളും വില്ലേജ് രേഖകൾ പ്രകാരം ഇപ്പോഴും നഞ്ച വിഭാഗത്തിലാണ് ഉൾപ്പെട്ട് കാണുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ, 22/01/2011-ലെ സർക്കാരിന്റെ 4545/ആർ.എ1/11/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 1-ൽ 2008 ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ നിയമം, നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്ക് മാത്രം ബാധകമായതിനാൽ പുതുതായി നികത്തുന്നതിനു മാത്രമെ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നുള്ളുവെന്നും അതു കൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരമാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയുണ്ടായതെന്ന ശ്രീ. വി. വിജയന്റെ വാദം സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. പ്രസ്തുത സർക്കുലറിലെ ഖണ്ഡിക 1 ൽ കെട്ടിട നിർമ്മാണത്തിന് അനുമതി നല്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയത് പ്രകാരം തന്നെ പരിഗണിക്കാവുന്നതാണെങ്കിൽ ശ്രീ. വി.വിജയന് അനുകൂലമായി പരിഗണിക്കാവുന്ന സംഗതിയാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ഇക്കാര്യത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ അഭിപ്രായം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം (8) പ്രകാരം ശുപാർശ ലഭ്യമാക്കുകയുണ്ടായി. ശ്രീ. വി. വിജയൻ 3 കെട്ടിട നിർമ്മാണങ്ങൾക്കും ചട്ടലംഘനത്തോടെയാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും ആയതിനാൽ ടിയാന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നിട്ടുണ്ടെന്നും സെക്രട്ടറി എന്ന നിലയ്ക്ക് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകുമ്പോഴും, ഒക്യുപെൻസി നൽകുമ്പോഴും കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുബന്ധ നിയമങ്ങളും പാലിച്ചിട്ടുണ്ട് എന്ന് പരിശോധിക്കേണ്ടതും ഉറപ്പ് വരുത്തേണ്ടതും സെക്രട്ടറിയുടെ ചുമതലയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. വി. വിജയന്റെ അഭ്യർത്ഥന പ്രകാരം ടിയാനെ നേരിൽ കേട്ട അവസരത്തിൽ അനുമതി നൽകിയ സ്ഥലത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ കെട്ടിടങ്ങൾ നിലനിൽക്കുകയായിരുന്നുവെന്നും വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള കരഭൂമിയായി കാണപ്പെട്ടുവെന്നും അതിനാലാണ് പെർമിറ്റ് അനുവദിച്ചതെന്നും, ഇതുവരെയായും മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലെന്നും അതിനാൽ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചട്ടലംഘനത്തോടെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതുവഴി ശ്രീ. വി. വിജയന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളതായും ആരോപിക്കപ്പെട്ട കുറ്റം തെളിഞ്ഞിരിക്കുന്നതായും കാണുന്നു. ഈ സാഹചര്യത്തിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി വിജയന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്തുന്നതിന് താൽക്കാലിക തീരുമാനം കൈകൊള്ളുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതിനോട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (9) പ്രകാരം യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. വിജയന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് തുടർച്ചയായി കുറവു വരുത്തുന്നതിനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. വി. വിജയൻ, മുൻ സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/92/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ